**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4012** **09-08-2021 - ൽ മറുപടിയ്ക്ക്**

**റോഡിനുണ്ടാകുന്ന കേടുപാടുകൾ പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റി, ടെലികോം കമ്പനികൾ, കെ.എസ്.ഇ.ബി.എൽ. എന്നിവ പൊതുമരാമത്ത് റോഡുകൾ വെട്ടിപ്പൊളിച്ച് പ്രവൃത്തി നടത്തുമ്പോൾ റോഡുകൾക്കുണ്ടാകുന്ന കേടുപാടുകൾ പരിഹരിച്ച് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നിലവിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | വാട്ടർ അതോറിറ്റി, ടെലികോം കമ്പനികൾ, കെ.എസ്.ഇ.ബി എൽ തുടങ്ങിയ സേവനദാതാക്കൾ റോഡുകൾ കുഴിക്കുന്ന അവസരത്തിൽ അവ പൂർവ്വ സ്ഥിതിയിലാക്കുന്നതി നാവശ്യമായ റെസ്റ്റോറേഷൻ ചാർജുകൾ ഈടാക്കുന്നു. കൂടാതെ ഡിഫക്റ്റ് ലയബിലിറ്റി കാലാവധിയിലുള്ള റോഡുകൾക്ക് കുഴിക്കാനുള്ള അനുമതി നൽകേണ്ടി വരുന്നത് ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ നിശ്ചിത തുക സെക്യൂരിറ്റിയായി ഈടാക്കുന്നു. കേബിൾ, പൈപ്പ് തുടങ്ങിയവ സ്ഥാപിച്ച് താല്ക്കാലിക റെസ്റ്റോറേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് റെസ്റ്റോറേഷൻ പ്രവൃത്തികൾ ക്രമീകരിച്ച് റോഡ് പൂർവ്വസ്ഥിതി യിലാക്കി വരുന്നു. ദേശീയപാത വിഭാഗത്തിൽ നിർമ്മാണം പൂർത്തീകരിച്ചതും അറ്റകുറ്റപ്പണികൾ നടത്തി മെച്ചപ്പെടുത്തിയതുമായ റോഡുകൾ ഉടൻ തന്നെ വെട്ടി മുറിച്ച് കേബിളുകളും, പൈപ്പുകളും മറ്റ് യൂട്ടിലിറ്റികളും സ്ഥാപിക്കുന്നതിനായി അനുവാദം നൽകാറില്ല. ദേശീയപാത വിഭാഗത്തിന്റെ പരിധിയിലുള്ള റോഡുകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH-33044/2015/S & R (R)തീയതി 22/11/2016 ലെ നിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പൈപ്പുകളോ കേബിളുകളോ ഇടുന്നതിനുള്ള അനുമതി നൽകുന്നത്. പ്രസ്തുത സർക്കുലറിൻ പ്രകാരം 5 വർഷത്തേക്കുള്ള ലൈസൻസ് ഫീസും, പെർഫോർമൻസ് ഗ്യാരന്റിയും മാത്രമാണ് സ്വീകരിക്കുന്നത്. പ്രസ്തുത സർക്കുലർ പ്രകാരം ടി കക്ഷി അവരുടെ ചിലവിൽ തന്നെ റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കേണ്ടതാണ്. |
| (ബി) | ഇത്തരം റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ആവശ്യമായ തുക ഈടാക്കി പൊതുമരാമത്ത് വകുപ്പ് തന്നെ പ്രവൃത്തികൾ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ? | (ബി) | ബന്ധപ്പെട്ട ഏജൻസികൾ റെസ്റ്റോറേഷൻ പ്രവൃത്തികൾ നേരിട്ട് നടപ്പിലാക്കുന്ന അവസരങ്ങളിൽ നിശ്ചിത തുക, സൂപ്പർ വിഷൻ ചാർജ്, സെക്യൂരിറ്റി എന്നിവയായി വാങ്ങുകയും |

| | | | |
|---|---|---|---|
| | | | പ്രവൃത്തിയുടെ ഡിഫക്ട് ലയബിലിറ്റി കാലാവധിയ്ക്ക് ശേഷം സെക്യൂരിറ്റി വിട്ടുതൽ ചെയ്ത് നൽകുകയും ചെയ്യുന്നു. ഭൂരിഭാഗം പ്രവൃത്തികളിലും ഏജൻസികളിൽ നിന്നും ഈടാക്കുന്ന റെസ്റ്റോറേഷൻ തുക ഉപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് നേരിട്ടാണ് റെസ്റ്റോറേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ